
കേരള
സാഹിത്യ അക്കാദമി
പെൺ
മലയാളം
സംസ്ഥാന സംഗമം

# പെൺ മലയാളം

കേരള സാഹിത്യ അക്കാദമി സംഘടിപ്പിച്ച 'പെൺമലയാളം' സാഹിത്യരംഗത്തെ സ്ത്രീ സാന്നിദ്ധ്യത്തെക്കുറിച്ചുള്ള ഗൗരവമായ ചിന്തകൾക്ക് വേദിയൊരുക്കി.

'സ്ത്രീ മലയാള സാഹിത്യത്തിൽ' എന്ന വിഷയത്തിൽ സെമിനാർ നടന്നു. മ്യൂസ് മേരി ജോർജ് വിഷയത്തിൽ പ്രബന്ധാവതരണം നടത്തി. ഡോ. റോസി തമ്പി മോഡറേറ്ററായിരുന്നു. മലയാളസാഹിത്യത്തിൽ സ്ത്രീസാന്നിദ്ധ്യം ഇപ്പോൾ സജീവമാണെന്നും ഞങ്ങൾ ഇവിടെ ഉണ്ട് എന്ന് തെളിയിക്കാൻ സ്ത്രീകൾക്ക് കഴിഞ്ഞുവെന്നും വിഷയാവതരണം നടത്തിക്കൊണ്ട് മ്യൂസ് മേരി ജോർജ് പറഞ്ഞു. എല്ലാ മേഖലകളിലും സ്ത്രീകൾ തങ്ങളുടെ കഴിവ് തെളിയിച്ചിട്ടും സ്ത്രീക്ക് സുരക്ഷിതമായി ഒറ്റയ്ക്ക് സഞ്ചരിക്കാൻ ഇപ്പോഴും കഴിയുന്നില്ലെന്ന് ഗ്രേസി അഭിപ്രായപ്പെട്ടു. സ്ത്രീകൾക്ക് മാത്രമല്ല പുരുഷൻമാർക്കും ഇപ്പോൾ വെല്ലുവിളികളുണ്ട്. നിർമ്മാല്യം പോലൊരു സിനിമ തനിക്ക് ഇപ്പോൾ എടുക്കാൻ പറ്റില്ലെന്ന് എം.ടി. തുറന്നുപറഞ്ഞു. കാരണം സങ്കുചിത മത-ജാതി ഭീഷണികൾ ഇപ്പോൾ ശക്തമാണ്.

സമൂഹം പഴയ ദുരാചാരങ്ങളിലേക്ക് തിരികെ പോകുകയാണ്. അതിന്റെ പ്രതിഫലനം എല്ലാവരെയും ബാധിക്കും-ഗ്രേസി പറഞ്ഞു. എഴുത്ത് പ്രതിരോധിക്കാനുള്ളതാണെന്ന് സുജ സൂസൻ ജോർജ് അഭിപ്രായപ്പെട്ടു. ആരുടെയൊക്കെയോ ചട്ടുകമായി സ്ത്രീ എഴുത്തുകാർ മാറുന്നുണ്ടോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. മുകളിൽ നിന്ന് തയ്യാറാക്കുന്ന അജണ്ടയ്ക്ക് അനുസൃതമായാണോ സ്ത്രീ രചന നടത്തുന്നത് എന്ന സന്ദേഹമുണ്ട്. എഴുത്ത് നിലനിൽക്കണമെങ്കിൽ വായനക്കാർ വേണം. അതുകൊണ്ട് വായന നിലനിർത്തേണ്ട ബാധ്യത എഴുത്തുകാർക്കുണ്ട്. ദൃശ്യമാധ്യമത്തിന്റെ വലിയൊരു സ്വാധീനം വായനയെ ബാധിക്കുന്നുണ്ട്. സർഗാത്മക രചനയ്ക്കുള്ള പ്രാധാന്യം ഇപ്പോൾ കുറഞ്ഞുവരികയാണ്. ആഴ്ചപ്പതിപ്പുകൾ ഇപ്പോൾ സാമൂഹികപ്രശ്നങ്ങൾക്ക് പ്രാധാന്യം കൊടുക്കുന്നുത് അതിന് തെളിവാണ്-സുജ സൂസൻ ജോർജ് പറഞ്ഞു. സ്ത്രീകൾ എഴുതുന്ന സാഹിത്യത്തിലാണ് കാലത്തിന്റെ കാലൊച്ച കേൾക്കാൻ കഴിയുന്നതെന്ന് കെ.പി. സുധീര അഭിപ്രായപ്പെട്ടു. കേരളത്തിലെ എഴുത്തുകാരികൾ കുടുംബത്തെ കൂടി നിലനിർത്തിയാണ് മുന്നോട്ട് പോകുന്നത്. കാലത്തെ അതിജീവിക്കുന്ന സാഹിത്യം ഉണ്ടാകണം. അതിനായി സമഗ്രമായ വീക്ഷണം അത്യാവശ്യമാണ്. സ്ത്രീരചനയുടെ മുമ്പിലുള്ള രണ്ട് തടസ്സങ്ങൾ മതവും രാഷ്ട്രീയവുമാണെന്ന് വള്ളിക്കാവ് മോഹൻദാസ് അഭിപ്രായപ്പെട്ടു. ഈ രണ്ട് മേഖലകളിലും സ്ത്രീകൾക്ക് ഇടപെടാൻ കഴിയണം. പുരുഷാധിപത്യത്തിനും മതാധിപത്യത്തിനും എതിരെയുള്ള സന്ധിയില്ലാസമരമാകണം പെണ്ണെഴുത്ത്-വള്ളിക്കാവ് മോഹൻദാസ് പറഞ്ഞു.



പെൺമലയാളം സമ്മേളന സദസ്സ്